ഉത്തരം

(എ) പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) പരാതികൾ ഗവണ്മെന്റിന്റെ പരിഗണനയിലാണ്.

**32 (1576) പ്ളസ്ടു-വിന് പുതിയ ബാച്ചുകൾ**

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ളസ് ടു നിലവിലുള്ള സർക്കാർ സ്കൂളുകളിൽ ഇപ്പോൾ അനുവദിക്കപ്പെട്ടിട്ടില്ലാത്ത വിഷയങ്ങളിൽ പുതിയ ബാച്ച് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സർക്കാർ സ്കൂളുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള 'പ്ളസ് ടു' കോഴ്സുകളിൽ സയൻസ് വിഷയങ്ങൾക്ക് മതിയായ ലാബ് സൗകര്യങ്ങളും മറ്റ് അത്യാവശ്യ ഉപകരണങ്ങളും ലഭ്യമല്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുള്ള വിഷയങ്ങളിൽ മാത്രമാണ് പുതിയ ബാച്ചുകൾ അനുവദിക്കുന്നത്.

(ബി) ഉണ്ട്. സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളിലെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഗവണ്മെന്റ് 1998-99 അദ്ധ്യയനവർഷം മതിയായ തുക അനുവദിച്ചിരുന്നു. ഈ വർഷം ഇതിനാവശ്യമായ തുക നേരത്തേതന്നെ അനുവദിക്കുന്നതാണ്.

(സി) സ്വീകരിച്ചുവരുന്നു.

**33 (1577) പ്ളസ് ടു കോഴ്സുകൾ അനുവദിക്കാൻ നടപടി**

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ സ്കൂളുകളിൽ പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതിൽ പ്രാദേശിക സന്തുലനം പാലിച്ചിട്ടില്ലായെന്നത് ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ളസ് ടു കോഴ്സുകൾ അനുവദിക്കാത്ത പ്രദേശങ്ങളിൽ ഈ അദ്ധ്യയന വർഷം തന്നെ പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്നതിന് ഗവണ്മെന്റ് തയ്യാറാകുമോ?

ഉത്തരം

(എ) പ്ളസ് ടു കോഴ്സുകൾ അനുവദിച്ചതിൽ പ്രാദേശിക അസന്തുലനം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly